I/199600/2024

ബി1/50/2024-ടി.സി 08-05-2024

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒ,തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
മോട്ടോർ വാഹന വകുപ്പ്

സ്വീകർത്താവ്

എല്ലാ ഡി റ്റി സി മാർക്കും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - കോൺട്രാക്ട് ക്യാരിയേജ് വാഹനങ്ങൾക്ക് ബസ് ബോഡി കോഡ് അനുസരിച്ച് സീറ്റ തരം നിർണ്ണയിച്ച് നികുതി സ്വീകരിക്കുന്നത് സംബന്ധിച്ച്

സൂചന :- 1. ജോയിൻറ് ആർ ടി ഒ പട്ടാമ്പിയുടെ 23/04/2024 ലെ നമ്പരില്ലാത്ത കത്ത്.
2.അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ 27/04/2024 ലെ റിപ്പോർട്ട്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മേൽ സൂചന പ്രകാരം DLX , ACX എന്നീ വിഭാഗത്തിൽ പെട്ട വാഹനങ്ങൾക്ക് ബസ് ബോഡി കോഡ് പ്രകാരം നിർബന്ധമായും പുഷ്ബായ്ക്ക് സീറ്റ് തന്നെ ഘടിപ്പിച്ചിരിക്കേണ്ടതാണ്.ഇത്തരം വാഹനങ്ങളിൽ സാധാരണ സീറ്റ് ഘടിപ്പിച്ച് രജിസ്റ്റർ ചെയ്ത് കുറഞ്ഞ നിരക്കിൽ നികുതി അടവാക്കി വരുന്നുവെങ്കിൽ പുഷ്ബാക്ക് സീറ്റ് ഘടിപ്പിച്ച് അതനുസരിച്ച് ടാക്സ് endorsement നൽകി നികുതി കുടിശിക ഈടാക്കുവാനുള്ള നടപടി നിയമ വ്യസസ്ഥകൾ പ്രകാരം കൈകൊള്ളേണ്ടതാണ്.

പുഷ്ബായ്ക്ക് സീറ്റ് നിർബന്ധമായും ഘടിപ്പിക്കേണ്ടതുമായ 233 വാഹനങ്ങൾ 63 ഓഫീസുകളിലായി 01.01.2022 മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളതായി കാണുന്നു.

ഏതാനും വാഹനങ്ങളുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.ടി പട്ടികയിലുൾപ്പെട്ട വാഹനങ്ങൾ പരിശോധിച്ച ബസ് ബോഡി കോഡിന് അനുസൃതമായാണ് വാഹനം രജിസ്ടർ ചെയ്ത് നികുതി അടച്ചിരിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്.മറിച്ച് ബോദ്ധ്യപ്പെട്ടാൽ പരിഹാര നടപടികൾ സ്വീകരിച്ച് ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്.

ഈ വാഹനങ്ങൾ ഫിറ്റ് നെസ്സ് പുതുക്കുവാൻ സമീപിക്കുമ്പോൾ ബോഡി ടൈപ്പ് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

നിയമലംഘനം ബോധ്യപ്പെട്ടാൽ ബസ് ബോഡി നിർമാതാക്കളോട് അതാത രജിസ്റ്റർ അതോറിറ്റി വിശദീകരണം തേടേണ്ടതും ആവശ്യമെങ്കിൽ ടെസ്റ്റിംഗ് ഏജൻസികൾക്ക് ബസ് ബോഡി നിർമ്മാതാക്കൾക്കെതിരെ നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെടാവുന്നതുമാണ്.

I/199600/2024

വിശ്വസ്തതയോടെ,

SHAJI MADHAVAN
SENIOR DEPUTY TRANSPORT COMMISSIONER

പകർപ്പ് :- 1.ജോയിൻറ് ആർ ടി ഒ പട്ടാമ്പി.തൃശ്ശൂർ ഡി.ടി.സി യുടെ നിർദ്ദേശാനുസരണം അപേക്ഷ തീർപ്പാക്കുന്നതിനായി

2.അക്കൌണ്ടസ് ഓഫീസർ (ഓഡിറ്റ്),ഗതാഗത കമ്മീഷണറേറ്റ്